# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2218

08.03.2017 - ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം

**ചോദ്യം**

**ശ്രീ. എ.എം. ആരിഫ്**

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായ വായ്പക്ക് ഈടാക്കുന്ന പലിശ നിരക്ക്, നിലവിൽ പല സംഘങ്ങളും അവരുടെ അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്കിനേക്കാൾ കൂടുതലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

സഹകരണ സംഘങ്ങൾ അവരുടെ അംഗങ്ങൾക്ക് നൽകുന്ന ചികിത്സാ വായ്പ, ഹ്രസ്വകാല കാർഷിക വായ്പ, മംഗല്യസൂത്ര വായ്പ, കുടുംബശ്രീക്കുള്ള വായ്പ തുടങ്ങി ഏതാനും പ്രത്യേക വായ്പകളിന്മേൽ ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ കൂടുതലാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന വായ്പകളിന്മേൽ ഈടാക്കപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ വായ്പയോടൊപ്പം നൽകുന്ന സബ്സിഡി തിരികെ അടയ്ക്കേണ്ടതല്ലാത്തതും ഓഹരി മൂലധന സഹായത്തിന് പലിശ നൽകേണ്ടാത്തതും വായ്പകൾക്കുള്ള പലിശ നിരക്ക് കാലാകാലങ്ങളിൽ പുനർനിശ്ചയിക്കുന്നതിനാലും നിലവിലുള്ള സർക്കാർ വായ്പയുടെ പലിശനിരക്ക് കുറയ്ക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കേണ്ടതില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ